പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1996 13-06-2019-ലെ മറുപടിയ്ക്ക്

**കർഷകന്റെ ആത്മഹത്യ**

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.എൽദോസ് പി. കുന്നപ്പിള്ളിൽ** | | **ശ്രീ.പിണറായി വിജയൻ (മുഖ്യമന്ത്രി)** | |
| (എ) | ഇടുക്കിയിൽ രാജമുടി മുല്ലശ്ശേരിയിൽ ജോർജ്ജ് എന്ന കർഷകൻ ആത്മഹത്യ ചെയ്തതിന്റെ കാരണം അന്വേഷിച്ചിട്ടുണ്ടോ; | (എ) & (ബി) | ഉണ്ട്. 22-05-2019 ൽ മരണപ്പെട്ടിട്ടുള്ള ടിയാന് 32.5 സെന്റ് പട്ടയഭൂമി സ്വന്തമായി ഉണ്ടായിരുന്നതിൽ കുരുമുളക്, കൊക്കോ എന്നീ വിളകൾ കൃഷി ചെയ്തിരുന്നു. പ്രളയ സമയത്ത് ടിയാന്റെ കൊക്കോ കൃഷിയ്ക്ക് നാശം സംഭവിച്ചിരുന്നുവെങ്കിലും കൃഷിനാശം സംഭവിച്ചതിന്റെ അപേക്ഷ കൃഷി ഭവനിൽ സമർപ്പിച്ചിരുന്നില്ല. ടിയാൻ പിന്നോക്ക വികസന കോർപ്പറേഷന്റെ ചെറുതോണി ബ്രാഞ്ചിൽ നിന്നും 1,25,000/- രൂപയും, രാജമുടി സർവ്വീസ് സഹകരണ ബാങ്കിൽ നിന്നും 25,000/- രൂപയും, ESAF, KLM, ജീവൻ കിരൺ സംഘത്തിൽ ഗോൾഡ് ലോൺ ആയി 2,50,000/- രൂപയും ലോൺ എടുത്തിട്ടുണ്ട്. ഇതിൽ പിന്നോക്ക വികസന കോർപ്പറേഷനിൽ നിന്നും എടുത്ത 1,25,000/- രൂപ മാത്രമാണ് കാർഷിക ലോൺ. പ്രസ്തുത ലോണിന് ടിയാന് ജപ്തി നോട്ടീസ് ലഭിച്ചിട്ടില്ല എന്നാണ് അന്വേഷണത്തിൽ ബോധ്യപ്പെട്ടത്. |
| (ബി) | പ്രസ്തുത അന്വേഷണത്തിൽ വെളിവായ കാര്യങ്ങൾ എന്തൊക്കെയാണ്; | | |

സെക്ഷൻ ഓഫീസർ